കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടുവം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.3/1104/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in

തിയ്യതി : 04.10.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

പട്ടുവം ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- പട്ടുവം ഗ്രാമപഞ്ചായത്ത് --- 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.3/1104/2017 തീയതി : 04.10.2017

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ

2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 21 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്ഉത്തരവാദിത്തംഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-06-2017 മുതൽ 28-06-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | മിഥുചന്ദ്ര സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ആനക്കീൽ ചന്ദ്രൻ | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. പി ഭാർഗ്ഗവൻ<br>ശ്രീമതി എം എം രമ(ഇൻ ചാർജ്)<br>ശ്രീ. പി ഭാർഗ്ഗവൻ | 01-04-2016 മുതൽ 04-05-2016വരെ<br>05-05-2016 മുതൽ 31-05-2016 വരെ<br>01-06-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | പ്രീത കെ | 01-04-2016 | 31-03-2017 |
| 2 | വി.ഇ.ഒ | മീരാഭായി വിവി | 01-04-2016 | 14-10-2016 |
| | | ബിന്ദു എം വി | 15-10-2016 | 31-10-2016 |
| | | ബബിത കെ | 01-11-2016 | 31.03.2017 |
| 3 | വെറ്റിനറി സർജൻ | ഡോ.സോയ ഇ | 01-04-2016 | 31-03-2017 |
| 4 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ധന്യ ഉണ്ണികൃഷ്ണൻ | 01-04-2016 | 30-09-2016 |
| | | ഡോ. റാണ എം സി | 01-10-2016 | 20-11-2016 |
| | | ഡോ. ഭാവന രമേശ് | 21-11-2016 | 31-03-2017 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ജയകുമാർ എ | 01-04-2016 | 31-03-2017 |
| 6 | അസി. എഞ്ചിനീയർ | നിഷ. വി.വി | 01-04-2016 | 31-03-2017 |
| 7 | ഐ.സി.ഡി.എസ് | മാധവി കെ | 01-04-2016 | 31-05-2016 |

| | | | | |
|---|---|---|---|---|
| | സൂപ്പർവൈസർ | ലക്ഷ്മിക്കുട്ടി പി | 01-06-2016 | 31-03-2017 |
| 8 | അസി . സെക്രട്ടറി | രമ എം എം | 01-04-2016 | 31-03-2017 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ.അനിൽ കുമാർ പി | 01-04-2016 | 31-03-2017 |
| 10 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അനിൽ കുമാർ എ ജി | 01-04-2016 | 03-07-2016 |
| | | രാജേഷ് ടികെ | 04-07-2016 | 12-01-2017 |
| | | ജോസ് ബാബു | 13-01-2017 | 28-02-2017 |
| | | രമ്യശ്രീ പി വി | 01-03-2017 | 31-03-2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തരനിയന്ത്രണം. |
| 12 | 1-12 | ഗ്രാമസഭകൾ |
| ഭാഗം-2 | | |

| | | |
|---|---|---|
| 13 | 2-1 | വസ്തുനികുതി ഈടാക്കിയതിൽ കുറവ്- കുറവ് വന്ന തുക ഈടാക്കേണ്ടതാണ് |
| 14 | 2-2 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് -744 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. |
| 15 | 2-3 | ഡി ആന്റ് ഓ ലൈസൻസ് - അപാകങ്ങൾ |
| 16 | 2-4 | വസ്തുനികുതി ക്രമവത്ക്കരണം- പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |
| 17 | 2-5 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല |
| ഭാഗം-3 | | |
| 18 | 3-1 | ടെണ്ടർ നടപടികൾക്ക് വിരുദ്ധമായി ഫർണിച്ചർ വാങ്ങിയത് ക്രമവിരുദ്ധം |
| 19 | 3-2 | ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ഫർണിച്ചർ വാങ്ങൽ -അപാകങ്ങൾ |
| 20 | 3-3 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി:പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.ചെലവ് തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. |
| 21 | 3-4 | ഇരുചക്ര വാഹനം ധനസഹായം പദ്ധതി : പ്രോജക്ട് മാനദണ്ഡം പാലിച്ചില്ല: ചെലവ് തുക 60000/- രൂപ തടസ്സപ്പെടുത്തുന്നു |
| 22 | 3-5 | പൈപ്പ് കമ്പോസ്റ്റ് പദ്ധതി -ഗുണഭോക്തൃവിഹിതം യഥാസമയം കൈമാറുന്നില്ല. |
| 23 | 3-6 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് |
| 24 | 3-7 | പി.എം.എ.വൈ. പദ്ധതി :വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 25 | 3-8 | സാക്ഷരത തുടർപദ്ധതി പദ്ധതിക്ക് പണം ചെലവഴിച്ചത് ക്രമപ്രകാരമല്ല. |
| 26 | 3-9 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് യഥാസമയം വിനിയോഗിക്കേണ്ടതാണ് |
| 27 | 3-10 | സമഗ്ര വിദ്യാഭ്യാസ പദ്ധതി -നാടറിയാൻ പദ്ധതി ചെലവ് രേഖ പൂർണ്ണമാക്കേണ്ടതും പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കേണ്ടതുമാണ്. |
| 28 | 3-11 | ഇന്ദിരാ ആവാസ് യോജന-ഭവനപദ്ധതി-ബാക്കിയുള്ള ഗുണഭോക്താക്കളെഗ്രാമപഞ്ചായത്തിന്റെമറ്റ് ഭവനനിർമ്മാണപദ്ധതികളിൽഉൾപ്പെടുത്താൻശ്രദ്ധിക്കേണ്ടതാണ്. |
| 29 | 3-12 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |

| | | |
|---|---|---|
| 30 | 3-13 | തുക മുൻ കൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല |
| 31 | 3-14 | സാന്ത്വന പരിചരണം-മരുന്ന് യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| 32 | 3-15 | സ്വാന്തന പരിചരണം - പ്രവർത്തനം കാര്യക്ഷമം |
| 33 | 3-16 | വാർദ്ധക്യകാല പെൻഷൻ നൽകൽ - കാലതാമസം നേരിടുന്നു |
| 34 | 3-17 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല |
| 35 | 3-18 | ലോക ബാങ്കിന്റെ പ്രത്യേക ധനസഹായം ലഭിച്ചത് സംബന്ധിച്ച് |
| ഭാഗം 4 | | |
| 36 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 39 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 40 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 41 | 4-6 | ഓഡിറ്റ് റിക്കവറി |
| 42 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 43 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 46 | Appendix-2 | Income&Expenditure Statement |
| 47 | Appendix-3 | Receipt& Payment Statement |
| 48 | Appendix-4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് PR No.36/2017 തീയതി 03-03-2016 പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 3050000 | 7582952 | | | |
| വരവ് | 38832600 | 23511226 | | 15321374 | 39.45 |
| ആകെ | 41882600 | 31094178 | | | |
| ചെലവ് | 41149600 | 23724789 | | 17424811 | 42.34 |
| നീക്കിയിരിപ്പ് | 733000 | 7369389 | | | |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 29-05-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 19-06-2017 | കെ.എസ്.എ/ കെ.എൻ.ആർ/ | വിശേഷണങ്ങ |

| | | | |
|---|---|---|---|
| | | സി 3-/1104/2017 തീയ്യതി 4.10.17 | ളോട്ട കൂടിയത് |

വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1.വസ്തുനികുതി കുടിശ്ശിക ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല.

2.വി ഇ ഒ യുടെ കൈവശമുള്ള പാസ് ബുക്ക് അക്കൗണ്ട് നമ്പർ 5832 ലെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.B-11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച് തുകയ്ക്ക് അനുപൂരകമായി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4.വാർഷിക ധനകാര്യ പത്രികയിലെ B-4 ഷെഡ്യൂളിൽ സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ ബാലൻസ് സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കാനായി ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
5.വാർഷിക ധനകാര്യ പത്രികയിൽ B-18 ഷെഡ്യൂൾ പ്രകാരം വിവിധ പ്രവൃത്തികൾക്കായി അഡ്വാൻസ് നൽകിയതിന്റെ പരശോധനയ്ക്കായി അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7582952 |
| വരവ് | 23511226 |
| ആകെ | 31094178 |
| ചെലവ് | 23724789 |
| നീക്കിയിരിപ്പ് | 7369389 |

## 1-5 ഫണ്ട് വിനിയോഗം 2016-2017

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6271176 | 4854672 | 1416504 | 77.41 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 2404654 | 1192952 | 1211702 | 49.61 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36978 | 0 | 36978 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 2354337 | 675875 | 1678462 | 28.70 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 2554755 | 1360715 | 1194040 | 53.26 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3516434 | 1731883 | 1784551 | 49.25 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 21841763 | 614606 | 21227157 | 2.81 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 111 | 12439751 | 63 | 45966256 | 43 | 5 | 56.76 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 2227565 | 2348540 | 120975 | 5.43(+) |
| നികുതിയേതര വരവുകൾ | 379148 | 447841 | 68693 | 18.11(+) |
| മറ്റുവരവുകൾ | 85096 | 84910 | 186 | 0.2(-) |
| ആകെ | 2691809 | 2881291 | 189854 | 7.05(+) |

31.03.2017-ന് വാർഷിക കണക്ക് പ്രകാരം 43561 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 71040 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 4058010 | 441 |
| വിധവാപെൻഷൻ | 6205100 | 547 |
| വാർദ്ധക്യകാലപെൻഷൻ | 9198440 | 892 |
| വികലാംഗപെൻഷൻ | 1833160 | 197 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 608400 | 57 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 480000 | 16 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-06-2017 | 01-04-2017 മുതൽ 31-05-2017 വരെ | 28-03-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-03-2011 | 2005-06 മുതൽ 2009-10 വരെ | 11-04-2011 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-06-2017, 3 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2695 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

1994ലെ കേരള പഞ്ചായത്ത് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ.വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാ.പ.ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഒരു പ്രാവശ്യം (29-12-2016) മാത്രമാണ് സ്റ്റാഫ് മീറ്റിങ് ചേർന്നിട്ടുള്ളത്.

(രണ്ട്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ തസ്തി കകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധകാലയളവുകളിൽ സേവനമ നുഷ്ഠിച്ചവരുടെ പേര്, വിലാസം, സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, മേൽ ഖണ്ഡിക 2 പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

(മൂന്ന്) ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് അതാത് സമയം നിർദേശങ്ങൾ നൽകി വരുന്നുണ്ട്.

## 1-12 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 13 വാർഡുകളിലെയും ഗ്രാമ സഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 3 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, , സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ, ശുചിത്വമിഷന്റെ പ്രവർത്തനം ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചർച്ചകൾ എന്നിവ ഗ്രാമസഭ നടത്തിയിട്ടുണ്ട്.

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ ചില യോഗങ്ങളിൽ ഉണ്ടായിട്ടുള്ളൂ.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഈടാക്കിയതിൽ കുറവ്- വന്ന തുക 2544 രൂപ ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപ നികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിച്ച് പി . ആർ 85/2011നമ്പർ 26.09.2011 തീയതി പ്രകാരം വസ്തുനികുതി പുനർനിർണ്ണയം അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അന്തിമവിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് ച.മീറ്ററിന് 50 രൂപയുമാണ് വസ്തുനികുതി നിർണ്ണയിക്കുന്നതിന് ബാധകമായ നിരക്ക്. എന്നാൽ താഴെ പരാമർശിച്ച 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പിന് ഓരോ മുറികളായി തിരിച്ച് പ്രത്യേകം പ്രത്യേകം വസ്തുനികുതി നിർണ്ണയിച്ചതിനാൽ (ച.മീറ്ററിന് 50/- രൂപ നിശ്ചയിക്കേണ്ടതിന് പകരം 30/- രൂപ നിരക്കിൽ) വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വസ്തു നികുതി ഇനത്തിൽ ഈടാക്കിയ നികുതിയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമയുടെ പേര്,കെട്ടിടത്തിന്റെ തരം | കെട്ടിടനമ്പർ | കെട്ടിടത്തിന്റ വിസ്തീർണ്ണം, ച.മീറ്ററിൽ | ഡിമാന്റ് ചെയ്ത വസ്തുനികുതി (20%) വർദ്ധനവ് ഉൾപ്പെടെ | ഗ്രന്ഥ ശാലവരി | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ചിറയിൽ അനിത, വാണിജ്യാവശ്യത്തിനുള്ളത് | 240 A | 11 | 396 | 20 | 416 |
| | | 240 B | 11 | 396 | 20 | 416 |
| | | 240 C | 31 | 1116 | 56 | 1172 |
| | | 240 D | 23 | 828 | 42 | 870 |
| | | 240 E | 25 | 900 | 45 | 945 |
| | | | | 3636 | 183 | ആകെ 3819 |

മേൽ പരാമർശിച്ച കെട്ടിടം ആകെ വിസ്തീർണ്ണം 101 ച .മീ ആണ് ആയതിനാൽ കെട്ടിടത്തിൻെറ എല്ലാ മുറികളെയും ഒറ്റ മുറിയായി പരിഗണിച്ച് ആകെ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി 6060/-രൂപയും (ച .മീറ്ററിന് 50 രൂപ നിരക്കിൽ (101x50) + 20% വർദ്ധനവ് ഉൾപ്പെടെ),ഗ്രന്ഥശാല വരി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 303(6060x5%)രൂപയുമാണ്. എന്നാൽ വസ്തു നികുതി ഇനത്തിൽ 3636 രൂപയും, ഗ്രന്ഥശാലവരി ഇനത്തിൽ 183 രൂപയും മാത്രമാണ് ഈടാക്കിയത്. ആയതിനാൽ വസ്തുനികുതി ഇനത്തിൽ ഈടാക്കുവാൻ കുറവ് വന്നത് 2424 രൂപയും,ഗ്രന്ഥശാലവരി ഇനത്തിൽ ഈടാക്കുവാൻ കുറവ് വന്നത് 120 രൂപയുമാണ്.

മേൽ അപാകത്തിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 19/16-17 തീയതി 28.06.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഇനത്തിൽ ഈടാക്കുവാൻ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് -744 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്നവരിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു. ഇത് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | നികുതിദായകരുടെ പേര് | ഡോർ നം/വാർഡ് നം | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | നെല്ലിയോട്ട് മനോജ് | 301/13 | വാസഗൃഹം | 105.7 m2 | 159 | 318 | 159 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ചെറുവോടൻ നാരായണൻ | 277/7 | വാസഗൃഹം | 148.8m2 | 224 | 447 | 223 |
| 3 | പുതിയ പുരയിൽ ഗീത | 271/66 | വാസഗൃഹം | 112.2m2 | 170 | 336 | 166 |
| 4 | ശങ്കരൻ നമ്പീശൻ | 103/9 | വാസഗൃഹം | 130m2 | 194 | 390 | 196 |
| ആകെ 744 | | | | | | | |

മേൽ അപാകങ്ങൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് ഇനത്തിൽ ഈടാക്കുവാൻ കുറവ് വന്ന തുക744 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഓ ലൈസൻസ് - അപാകങ്ങൾ

പട്ടുവം ഗ്രാമപഞ്ചായത്തിൽ ഡി. ആന്റ് ഓ. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ മിക്കതും അപൂർണ്ണമാണ്

മിക്ക അപേക്ഷയിലും മുഴുവൻ കോളങ്ങളും പൂരിപ്പിക്കാതെയോ, അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്യാതെയുമാണ് ലൈസൻസ് ഫീ നിർണ്ണയിച്ച് ഈടാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവക്ക് ചില ഉദാ:

| പേര് | സ്ഥാപനം |
|---|---|
| വസന്ത കുമാർ | കാവും കുളത്തിൽ വുഡ് വർക്ക്സ് |
| രഞ്ജിത് വി കെ | വി കെ അലുമിനിയം ഫാബ്രിക്കേഷൻ |
| ദാമോദരൻ ഒ പി | അരുൺ സ്റ്റോർ |

(ബി).വിറ്റു വരവ് രേഖപ്പെടുത്താത്തവക്ക് ചില ഉദാ:

| പേര് | സ്ഥാപനം |
|---|---|
| സുകുമാരൻ സി | ബെസ്റ്റ് എഞ്ചിനീയറിംഗ് |
| കാരക്കീൽ ലക്ഷ്മണൻ | കെ എൽ സ്വീറ്റ്സ് ഷോപ്പ് |
| അജിത് കുമാർ . സി | ആര്യ സ്റ്റോർ |

അപേക്ഷകളിൽ അത്യാവശ്യം വേണ്ടുന്ന വിവരങ്ങൾ ഇല്ലാതെയും അന്വേഷണം നടത്താതെയും ലൈസൻസ് അനുവദിക്കുന്നത് ശരിയായ രീതിയല്ല. എല്ലാ അപേക്ഷകളിന്മേലും കൃത്യമായ അന്വേഷണം നടത്തേണ്ടതും, അപേക്ഷകൾ കൃത്യമായി പരിശോധിച്ച ശേഷം മാത്രം ഡി ആന്റ് ഓ ലൈസൻസ് അനുവദിക്കുന്ന രീതി അവലംബിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി ക്രമവത്ക്കരണം- പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച് കൊടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്, എന്നാൽ ഇത് ശരിയായ നടപടിയല്ല. ക്രമവൽക്കരണ ഇനത്തിൽ ₹ 36312 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതും , ക്രമവൽക്കരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-5 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കുന്ന

സേവനങ്ങൾക്കും നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ◌ാടെണ്ടർ നടപടികൾക്ക് വിരുദ്ധമായി ഫർണിച്ചർ വാങ്ങിയത് ക്രമവിരുദ്ധം

പ്രോജക്ടിന്റെ പേര്: അംഗൻവാടിക്ക് ഫർണ്ണിച്ചർ, കണ്ടെയ്നർ വാങ്ങൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം | S0099/17 |
| അടങ്കൽ<br>ആകെ | 288188<br>(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | 288055 |
| ബിൽ നമ്പർ , തീയതി : | 05/17, 30.03.2017,118777<br>07/17,30.03.2017,169278 |
| ഇൻ വോയിസ് നം, തീയതി, തുക | 282, 28.02.2017, 69433<br>284, 03.03.2017, 49344<br>260,24.03.2017 ,16927 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ അംഗൻവാടിക്ക് ഫർണ്ണിച്ചർ, കണ്ടെയ്നർ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി 2,88,055 രൂപ ചെലവഴിച്ച് ടെണ്ടർ മുഖേന ഫിഡ്കോയിൽ നിന്നും സ്റ്റീൽ ഷെൽഫ്, ബേബി ചെയർ എന്നിവയും മൊണാൽ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും റാക്ക്, കണ്ടെയ്നർ, സ്റ്റീൽ ടേബിൾ എന്നിവയും വാങ്ങിയിട്ടുണ്ട് . പദ്ധതിയുടെ ടെണ്ടർ നടപടിക്രമം പാലിക്കുന്നതിലുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ടെണ്ടർ ഫയലുകൾ രേഖകൾ പരിശോധിച്ചതിൽ നിന്നും ഫിഡ്കോ എന്റർപ്രസസ് എന്ന സ്ഥാപനം ഒരു സ്റ്റീൽ ഷെൽഫിന് (20 gauge) 6,324 രൂപ നിരക്കാണ് രേഖപ്പെടുത്തിയത്. എന്നാൽ ഹാജരാക്കിയ ഇൻവോയിസ് പരിശോധിച്ചതിൽ 20 gauge ഉള്ള ഒരു ഷെൽഫിന് 6943 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം ആകെ 10 ഷെൽഫുകൾ വാങ്ങിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒരു ഷെൽഫിന് 619(6943-6324=619) രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരം ഗ്രാമ പഞ്ചായത്തിന് 6190രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രസ്തുത പ്രൊജക്ടിലെ മറ്റൊരു ഇനമായ കണ്ടെയ്നർ വാങ്ങിയതിന്റെ ടെണ്ടർ രേഖകൾ പരിശോധിച്ചപ്പോൾ ഫിഡ്കോ എന്റർപ്രസസ് ഒരു കണ്ടെയ്നറിന് 3,622 രൂപ നിരക്കിലും മൊണാൽ ട്രേഡിംഗ് കോർപ്പറേഷൻ ഒരു കണ്ടെയ്നറിന് 6,499 രൂപ നിരക്കിലുമാണ് ടെണ്ടർ ക്വാട്ട് ചെയ്തത്. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഫിഡ്കോ എന്റർപ്രസസിനെ ഒഴിവാക്കി കൂടിയ നിരക്ക് രേഖപ്പെടുത്തിയ മൊണാൽ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നുമാണ് 12 കണ്ടെയ്നർ വാങ്ങിയിട്ടുള്ളത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഒന്നാമത് സൂചിപ്പിച്ച അപാകത്തിന് ഫിഡ്കോ എൻറർപ്രസസുമായി ബന്ധപ്പെട്ടശേഷം മറുപടി നൽകാമെന്നും അറിയിച്ചിട്ടുണ്ട്. രണ്ടാമത്തെ അപാകത്തിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ എൻറർപ്രസസിന്റെ കണ്ടെയ്നറിന് ക്വാളിറ്റി കുറവായതിനാലാണ് പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി മൊണാൽ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും കണ്ടെയ്നർ വാങ്ങിയത് എന്നുമാണ് മറുപടി നൽകിയത്.എന്നാൽ ഈ മറുപടി തൃപ്തികരമല്ല. ടെണ്ടർ ക്ഷണിക്കുമ്പോൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഒരു സ്ഥാപനത്തെ അവഗണിച്ച് കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത മറ്റൊരു സ്ഥാപനത്തിൽ നിന്നും സാമഗ്രികൾ വാങ്ങുമ്പോൾ അതിന് കൃത്യമായ കാരണം രേഖപ്പെടുത്തി വെക്കേണ്ടതാണ്. പഞ്ചായത്ത് പർച്ചേസിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ നിന്നും ഇത് സംബന്ധിച്ച് ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ഈ ഇനത്തിൽ അധികമായി ചെലവഴിക്കേണ്ടി വന്ന 34524/- രൂപ (6499 x 12 – 3622 x 12) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ഫർണിച്ചർ വാങ്ങൽ :അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

പ്രോജക്ട് നം. 98 / 17

അടങ്കൽ : 90000/- രൂപ വികസന ഫണ്ട് (ജനറൽ)

ചെലവ് : ബിൽ നം. 34/ 16-17 /30-03-17 : 89,337/- രൂപ

മേൽ പദ്ധതിയുടെ ഭാഗമായി ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിലേക്ക് 8 അലമാരയും (6 *3 * 1.5ft) പ്ലെയിൻ ടൈപ്പ് ഗ്ലാസ് ഡോർ - 18 ഗേജ് ) ,8 സ്റ്റീൽ റേക്ക് 5 പാനൽ -18 ഗേജ് ) എന്നിവയും വാങ്ങിയിട്ടുണ്ട്.23-06-17 ന് നടത്തിയ സ്ഥലപരിശോധനയിൽ , ലഭിച്ച അലമാരകൾ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയല്ലെന്ന് കണ്ടു .അലമാരകൾ ഗ്ലാസ് ഡോർ ടൈപ്പിന് പകരം ക്ലോസ്ഡ് ഡോർ ടൈപ്പാണ് ലഭിച്ചത്.പ്രോജക്ടിൽ നിർദ്ദേശിച്ച രീതിയിലുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള അലമാരകൾ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പട്ടികജാതി വിദ്ധ്യാർത്ഥികൾക്ക് പഠന മുറി:പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.ചെലവ് തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. 100 / 17

അടങ്കൽ : 600000/-രൂപ ( വികസന ഫണ്ട് -എസ്.സി.പി)

ചെലവ് :200000/- രൂപ (ബിൽ നം. 3 /16-17/31-03-17 : 100000/-

ബിൽ നം. 5 /16-17/31-03-17 : 100000/-)

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 4 ഗുണഭോക്താക്കൾക്ക് പഠനമുറിയുടെ നിർമ്മാണത്തിന് നൽകാവുന്ന പരമാവധി തുകയുടെ 50 % തുകയായ 50,000/- രൂപ എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ. നം. | ഗുണഭോക്താവ് | വിദ്ധ്യാർത്ഥിയുടെ പേര് | എസ്റ്റിമേറ്റ് | നൽകിയ തുക |
|---|---|---|---|---|
| 1 | മാടക്കുടിയൻ പുഷ്പ | അഞ്ചു | 131199 | 50000 |
| 2 | കല്ലേക്കുടിയൻ ശ്രീജമോൾ | വിഷ്ണുദാസ് | 142000 | 50000 |
| 3 | കയ്യംകോട്ട് ശോഭ | വിജിന | 136600 | 50000 |
| 4 | കൊയിലേരിയൻ പങ്കജം | അംജിത്ത് | 164899 | 50000 |

മേൽ ഗുണഭോക്താക്കൾ ആരുംതന്നെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഈ ഇനത്തിൽ ചെലവഴിച്ച 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇവർ എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഇരുചക്ര വാഹനം ധനസഹായം പദ്ധതി - അപാകങ്ങൾ

നിർഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. 60 / 17 ; ഇരുചക്ര വാഹനം ധനസഹായം

അടങ്കൽ : 100000/-രൂപ ( വികസന ഫണ്ട്-എസ്.സി.പി.)

ചെലവ് :60000/- രൂപ (ബിൽ നം. 6 /16-17/31-03-17 : 60000/-)

ഗ്രാമപഞ്ചായത്തിലെ എസ്. സി.വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീ -യുവാക്കൾക്ക് ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് വാഹന വിലയുടെ 33 1/3 % (പരമാവധി 20000/- രൂപ) സബ്സിഡി നൽകുന്നതിനാണ്

പ്രോജക്ട് ലക്ഷ്യമിട്ടത്.

പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങണമെന്നും സബ്സിഡി തുക വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലോ, വായ്പ നൽകിയ ബാങ്കിലേക്കോ നൽകാമെന്നും പ്രോജക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ അഞ്ചു വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ, ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്യില്ല എന്ന കരാർ 200 രൂപയുടെ മുദ്രപത്രത്തിൽ വെക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്.

പദ്ധതി പ്രകാരം ശ്രീ. ഉഷസ്.സി , ശ്രീ. റിജേഷ്. കെ , ശ്രീ. വിനീഷ്. ഇ എന്നീ ഗുണഭോക്താക്കൾ ഇരുചക്ര വാഹനം വാങ്ങിയ വകയിൽ വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡിയായി ആകെ 60,000/- രൂപ അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഗുണഭോക്താക്കൾ ആരുംതന്നെ പ്രോജക്ടിൽ നിഷ്കർഷിച്ച രീതിയിലുള്ള കരാർ ഉടമ്പടി വെച്ചിട്ടില്ല. ഗുണഭോക്താക്കൾ കരാർ ഉടമ്പടി വെക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പൈപ്പ് കമ്പോസ്റ്റ് പദ്ധതി :ഗുണഭോക്തൃവിഹിതം യഥാസമയം കൈമാറുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ

(പ്രോജക്ട് നം.3 /16-17 )

അടങ്കൽ : 428116

ചെലവ് : ബിൽ നം. 06 / 16-17 /25-03-17 : 19092/- രൂപ (വികസന ഫണ്ട് -ജനറൽ)

ചെക്ക് നം. 221222 / 18-03-17 : 99900 /-രൂപ (ശുചിത്വ മിഷൻ ഫണ്ട്)

മേൽ പദ്ധതിയുടെ ഭാഗമായി സൂര്യ ഡിസ്ട്രിബ്യൂട്ടേർസ് തലശ്ശേരി എന്ന സ്ഥാപനത്തിൽനിന്നും 148 പൈപ്പ് കമ്പോസ്റ്റ് വാങ്ങിയ വകയിൽ 118992 രൂപ ചെലവഴിച്ചിട്ടുണ്ട്.(ഒരു യൂണിറ്റിന് 804 രൂപ)

പദ്ധതിക്ക് വേണ്ടി 75% ശുചിത്വ മിഷൻ ഫണ്ടും, 10% ഗുണഭോക്തൃ വിഹിതവും 15% സംസ്ഥാന വിഹിതവുമാണ് വകയിരുത്തിയത്.

ഒരു യൂണിറ്റിന് 804 രൂപ കണക്കാക്കിയതിൽ 603 രൂപ ശുചിത്വ മിഷൻ ഫണ്ടും 80 രൂപ ഗുണഭോക്തൃ വിഹിതവും , 121 രൂപ സംസ്ഥാന വിഹിതവുമാണ്.

എന്നാൽ പദ്ധതിക്ക് വേണ്ടി 148 ഗുണഭോക്താക്കളിൽ നിന്നും 80 രൂപ വീതം ഗുണഭോക്തൃ വിഹിതം (10%) ഈടാക്കുന്നതിന് പകരം 90 രൂപ തോതിലാണ് ഈടാക്കിയത്. ഇത് പ്രകാരം 28170/- രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകിയപ്പോൾ ശുചിത്വ മിഷൻ ഫണ്ടിനത്തിൽ ലഭിച്ച 99900 /-രൂപയും ,വികസന ഫണ്ട്(ജനറൽ)ഇനത്തിലെ 19092/- രൂപയുമാണ് നൽകിയത്. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുകയിൽനിന്നും ചെലവൊന്നും തന്നെ നടത്തിയിട്ടില്ലാത്തതിനാൽ ശുചിത്വ മിഷൻ

ഫണ്ടിനത്തിൽ 10656/- രൂപയും വികസന ഫണ്ട്(ജനറൽ)ഇനത്തിൽ 1184/-രൂപയും അധികം ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്ക് ആനുപാതികമായ ഗുണഭോക്തൃവിഹിതം നൽകി ഫണ്ടുകൾ ക്രമീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

തൻവർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം | ചെലവിന്റെ വിവരം | തുക |
|---|---|---|---|---|
| 90/17 | തെരുവ് നായ പ്രജനന നിയന്ത്രണത്തിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | സെക്രട്ടറി,കണ്ണൂർ ജില്ലാ പഞ്ചായത്ത് | ഡി.ഡി.നം. 010019/01-12-16 | 100000 |
| 127/17 | തെരുവ് വിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ , കെ.എസ്.ഇ.ബി. തളിപ്പറമ്പ് | ബിൽ നം.22/13-03-17 | 31459 |
| 52/17 | സോഷ്യൽ സെക്യൂരിറ്റി മിഷന് ധനസഹായം | എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | ഡി.ഡി.നം.009653/31-12-16 | 100000 |
| 131/17 | സമ്പൂർണ്ണ വൈദ്യുതീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ , കെ.എസ്.ഇ.ബി. തളിപ്പറമ്പ് | ബിൽ നം.27/01-03-17 | 253115 |

പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

## 3-7 പി.എം.എ.വൈ. പദ്ധതി :വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ.

തൻവർഷം വി.ഇ.ഒ താഴെ പറയും പ്രകാരം നടപ്പിലാക്കിയ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവിന്റെ വിവരം | തുക നൽകിയ സ്ഥാപനം | തുക |
|---|---|---|---|---|
| 76/17 | പി.എം.എ.വൈ-ഭവന നിർമ്മാണം ബ്ലോക്കിന് വിഹിതം നൽകൽ | ഡി.ഡി.നം.10984/31-01-17 | സെക്രട്ടറി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 40000 |

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

## 3-8 സാക്ഷരത തുടർപദ്ധതി പദ്ധതിക്ക് പണം ചെലവഴിച്ചത് ക്രമപ്രകാരമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ

പ്രൊജക്ട് -സാക്ഷരതാ പദ്ധതി

പ്രൊജക്ട് നമ്പർ-70/17

ഫണ്ട് -വികസനഫണ്ട്

അടങ്കൽ - 50000

ചെലവ് -50000

ബിൽ നമ്പർ -5/2016-17 തീയ്യതി 30-01-2017

സാക്ഷരത പദ്ധതി 2016-17 എന്ന പ്രൊജക്ട് പ്രകാരം ഹോണറേറിയം ഇനത്തിൽ 36000 രൂപയും പഠനോപകരണങ്ങൾ പരീക്ഷ നടത്തിപ്പ് ഇനത്തിൽ 10000 രൂപയും ടി എ മറ്റ് ചെലവുകൾ ഇനത്തിൽ 4000 രൂപയും ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (എംഎസ്)നമ്പർ 4/2016 തസ്വഭവ തീയ്യതി 11-01-2016 ഖണ്ഡിക 11.6 -VII പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൻ കീഴിൽ സാക്ഷരത/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി സാക്ഷരത കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷന് അടയ്ക്കേണ്ട ഫീസും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പഠനോപകരണങ്ങളുടെ കൂട്ടത്തിൽ ഹാജരാക്കിയ ചെലവ് രേഖകളിൽ

പാഠപുസ്തകം ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല.ഇപ്രകാരം ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് യഥാസമയം വിനിയോഗിക്കേണ്ടതാണ്.

2016-17 വർഷത്തിലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (B-4)പരിശോധിച്ചതിൽ വിവിധ പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുക യഥാസമയം വിനിയോഗിക്കാതെ നീക്കിയിരിപ്പ് ഉള്ളതായി കണ്ടു.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഫണ്ട് നൽകിയ ഏജൻസി | പ്രൊജക്ടിന്റെ പേര് | ലഭിച്ച വർഷം | ബാലൻസ് തുക |
|---|---|---|---|---|
| 1 | എസ് എസ് എ | സ്കൂൾ കെട്ടിട നിർമ്മാണം | 2006-07 | 25651(പലിശ ഉൾപ്പെടെ) |
| 2 | സെൻട്രൽ ഷെയർ | അനുപൂരകപോഷകാഹാരം | 2016-17 | 367906 |
| 3 | ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രൊജക്ട് | അംഗൻവാടി കെട്ടിടനിർമ്മാണം | 2012-13 | 18801(പ്രൊജക്ട് പൂർത്തീകരിച്ചു.) |
| | | കിണർനിർമ്മാണം എസ് സി | ലഭിച്ച വർഷം ലഭ്യമല്ല | 172069 |
| | | ആശ്രയ പദ്ധതി | | |
| | | പട്ടികജാതി ഭവനം | | |
| 4 | ജില്ല പഞ്ചായത്ത് സംയുക്ത പ്രൊജക്ട് | പിഎംജിഎസ് വൈ കോർനെറ്റ് വർക്ക് | 2012-13 | 700 |
| | | വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ (എസ് സി) | 2012-13 | 922500 |
| | | ജില്ല പഞ്ചായത്ത് പ്രൊജക്ട് | 2011-12 | 397500 |

ഇപ്രകാരം തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട പദ്ധതികൾക്ക് വേണ്ടി കാലതാമസം കൂടാതെ വിനിയോഗിക്കേണ്ടതാണ്.പദ്ധതി പൂർത്തീകരിച്ചതിന്റെ ബാക്കി തുകയാണ് നീക്കിയിരിപ്പായിട്ടുള്ളതെങ്കിൽ ആയത് തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 സമഗ്ര വിദ്യാഭ്യാസ പദ്ധതി -നാടറിയാൻ പദ്ധതി ചെലവ് രേഖ

**പൂർണ്ണമാക്കേണ്ടതും പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കേണ്ടതുമാണ്.**

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം -70/17

പ്രൊജക്ട് - സമഗ്ര വിദ്യാഭ്യാസ പദ്ധതി 2016-17

അടങ്കൽ -75000

ചെലവ് - 75000

സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലെ പ്രവേശനോത്സവം,ചിത്രരചന പരിശീലനം,നാടറിയാൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാടറിയാൻ എന്ന പദ്ധതിക്ക് വേണ്ടി ബിൽ നമ്പർ 3/2016-17 തീയ്യതി 26-12-2016 പ്രകാരം 15000 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എൽ പി ,യുപി സ്കൂളുകളിലെ കുട്ടികൾ വിവിധ സ്ഥലങ്ങൾ സന്ദർശിക്കലാണ് പദ്ധതിയുടെ ഉദ്ദേശ്യം .എന്നാൽ ഇത് സംബന്ധിച്ച് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിന് വണ്ടി വാടക ഇനത്തിൽ തുക ലഭിച്ചുവെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഏതൊക്കെ സ്ഥലങ്ങളാണ് സന്ദർശിച്ചതെന്നും ഇപ്രകാരം വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിലൂടെ എന്തൊക്കെ ഉദ്ദേശ്യലക്ഷ്യങ്ങളാണ് കുട്ടികൾക്ക് ലഭിച്ചതെന്ന് അറിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.തുടർ വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലകളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കുട്ടികൾക്ക് ഇതിലൂടെ ലഭിക്കേണ്ട വിദ്യാഭ്യാസ ലക്ഷ്യങ്ങൾ വിശദീകരിക്കേണ്ടതും പ്രസ്തുത ലക്ഷ്യങ്ങൾ നേടിയിട്ടുണ്ടെന്ന് കാണിക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 3-11 ഇന്ദിരാ ആവാസ് യോജന-ഭവനപദ്ധതി-ബാക്കിയുള്ള ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കും ഇതരസമുദായങ്ങളിൽ പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ ഒരു പരിഹാരം കാണുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. പട്ടുവം ഗ്രാമപഞ്ചായത്തിൽ 2012-13 മുതൽ 2015-16 വരെ ആകെ പ്രസ്തുത പദ്ധതി പ്രകാരം ഭവനം നിർമ്മിച്ച നൽകിയത് 131 ഗുണഭോക്താക്കൾക്കാണ്.ഈ പദ്ധതിയിൽ ആകെ ഉണ്ടായിരുന്ന ഗുണഭോക്തക്കളിൽ 162 പൊതുവിഭാഗത്തിൽ പ്പെട്ടവരും 38 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമായ ഗുണഭോക്താക്കളടക്കം 200 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ഗുണഭോക്താക്കളിൽ നാളിതുവരെയായി 131 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. അവരിൽ ആകെ 124 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 7 ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത അവസ്ഥയുണ്ട്. പ്രസ്തുത ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഇനിയും 61 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുവാൻ ബാക്കിയുണ്ട്. 2016-17 വർഷം മുതൽ ഐ എ

വൈ ഭവന പദ്ധതി നിർത്തലാക്കുകയും ആ വർഷം മുതൽ പി എം എ വൈ പദ്ധതി എന്ന പേരിൽ പുതിയ പദ്ധതിയായിട്ടാണ് നടപ്പിൽ വരുത്തുന്നത്. ഈ പദ്ധതിയിലെ ഗുണഭോക്തക്കൾ തിരഞ്ഞെടുത്തിട്ടുള്ളത് സെക്ക്(social economy caste census ) ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നുമാണ്. ആയതിനാൽ ഐ എ വൈ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടതും ആനുകൂല്യം ലഭിക്കാത്തതുമായ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്

## 3-12 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭവനപദ്ധതികൾ പ്രകാരം ആദ്യ ഗഡുക്കൾ കൈപറ്റുകയും എന്നാൽ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതുമായ അവസ്ഥയുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ പേര് | ഗുണഭേക്താവിന്റെ പേര് | നടപ്പിലാക്കിയ വർഷം | നാളിതു വരെ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ഇഎംഎസ് | നാരായണൻ.പി പരത്തിഹൗസ്,മുള്ളൂൽ | 2009-10 | 67500 | ഉത്തരനിരപ്പ് |
| 2 | ഇഎംഎസ് | കെ പി സരോജിനി അരിയിൽ | 2009-10 | 67500 | ഉത്തരനിരപ്പ് |
| 3 | ഐഎവൈ | സജിത മുല്ലപ്പള്ളി പടിഞ്ഞാറെച്ചാൽ,പട്ടുവം | 2014-15 | 40000 | തറ പണി പൂർത്തീകരിച്ച |
| 4 | ഐഎവൈ | നളിനി.നിരിച്ചൻ,മുതുകട | 2014-15 | 40000 | |
| 5 | ഐഎവൈ | സുശീല.തച്ചത്തി,മുതുകട | 2015-16 | 150000 | ഉത്തരനിരപ്പ് |
| 6 | ഐഎവൈ | ദേവി പി പി,മംഗലശ്ശേരി | 2015-16 | 17500 | |
| 7 | ഐഎവൈ | മേബിൾ വർഗ്ഗീസ്,കാവുങ്കൽ | 2015-16 | 110000 | തറ പണി പൂർത്തീകരിച്ച |
| 8 | ഐഎവൈ | ശാരദ.തെക്കൻ, പടിഞ്ഞാറെച്ചാൽ | 2015-16 | 150000 | ഉത്തരനിരപ്പ് |
| 9 | പിഎംഎവൈ | നളിനി എം വി പടിഞ്ഞാറെച്ചാൽ | 2016-17 | 80000 | തറ പണി പൂർത്തീകരിച്ച |
| 10 | പിഎംഎവൈ | കമല കെ വി പുതുകുടിയൻ പടിഞ്ഞാറെച്ചാൽ | 2016-17 | 80000 | തറ പണി പൂർത്തീകരിച്ച |

ആദ്യ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെയായ് ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 തുക മുൻ കൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്റ്റ് വിവരം | S0081/17- പി എച്ച് സി ലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ : | 50,000 മെയിൻറനൻസ് / റോഡിതരം |
| ചെലവ്: | 50, 000 |
| ബിൽ നമ്പർ , തീയതി : | 4/16-17,31.01.2017 |

പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടി 50, 000 രൂപ ഡി ഡി നമ്പർ 011135/07.02.17 പ്രകാരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകി. മരുന്ന് ലഭ്യമായതിൻെറ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|
| 7121 | 27.02.2017 | 21, 915 |
| 608 | 16.05.2017 | 11, 792 |
| ആകെ | | 33, 707 |

ആകെ33,707രൂപയുടെ മരുന്നുകൾ ലഭ്യമായതിൻെറ രേഖകളാണ് ഹാജരാക്കിയത്. 16, 293 രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 സാന്ത്വന പരിചരണം-മരുന്ന് യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റ് വിവരം | S0026/17,സാന്ത്വനപരിചരണം |
| അടങ്കൽ : | 2 ,50, 000 |
| ചെലവ്: | 2,42, 700 |

| ബിൽ നമ്പർ , തീയതി : | 1/16-17,30.09.16 |
|---|---|

സാന്ത്വന പരിചരണത്തിന്റെ ഭാഗമായി 2016-17 വർഷം 242700 രൂപ വിവിധ ഇനങ്ങൾക്കായി ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലിയേറ്റീവ് കെയറിന്റെ ഭാഗമായി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു വേണ്ടി 18,400 രൂപ ഡി ഡി നമ്പർ 011136/ 07.02.17 പ്രകാരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയും മരുന്നുകളും, ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല. അവശരും അനാരോഗ്യമുള്ളവരുമായ സാന്ത്വനപരിചരണത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് അടിയന്തിര ഘട്ടത്തിൽ വേണ്ടുന്ന മരുന്ന് യഥാസമയം ലഭ്യമാക്കാത്തത് ഗൗരവത്തോടെ പരിഗണിക്കേണ്ടതാണ്. മരുന്നുകളും ഉപകരങ്ങളും അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 സ്വാന്തന പരിചരണം - പ്രവർത്തനം കാര്യക്ഷമം

പഞ്ചായത്തിൽ പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന സ്വാന്തന പരിചരണം സ്തുത്യർഹമായ സേവനമാണ് ചെയ്തു വരുന്നത്. ഇത് സംബന്ധിച്ച ഗവൺമെന്റ് നിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവർത്തനം നടത്തി വരുന്നത്. 2016-17 വർഷം 27 സ്ത്രീകൾ ഉൾപ്പെടെ ആകെ 54 രോഗികളാണ് ഉള്ളത്. നിലവിൽ ഹോം കെയർ പരിചരണത്തിന് നിയോഗിക്കപ്പെട്ട നേഴ്സിന് താലൂക്ക് ഹോസ്പിറ്റലിൽ നിന്നും പരിശീലനം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഹോം കെയറിന്റെ സുഗമമായ പ്രവർത്തനം നടത്തുന്നതിന് പ്രസിഡൻറ്, സെക്രട്ടറി, വാർഡ് മെമ്പർമാർ,ഹോം കെയർ വളണ്ടിയർമാർ എന്നിവർ അടങ്ങുന്ന പ്രൊജക്റ്റ് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഹോം കെയറുമായി ബന്ധപ്പെട്ടകാര്യങ്ങൾ ചർച്ച ചെയ്തു വരുന്നുണ്ട്. ഹോം കെയർ ടീം ഒരു ദിവസം 9 രോഗികളെ വീതം സന്ദർശിക്കുന്നുണ്ട്. രോഗികൾക്ക് അത്യാവശ്യമായ വാട്ടർ ബെഡ്, വീൽ ചെയർ തുടങ്ങിയവ ഐ ആർ.പി.സി എന്ന സന്നദ്ധസംഘടനകൾ മുഖേന ലഭ്യമാക്കുന്നുണ്ട്. രജിസ്റ്റർ ചെയ്ത മുഴുവൻ പേർക്കും സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നുണ്ട്. ഹോം കെയറിൻെറ പ്രവർത്തനം സംബന്ധിച്ച അവലോകന യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ട്. ഹോം കെയറിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഒരു ഹോം കെയർ ടീം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ

2016-17കാലയളവിൽ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് 18,400 രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായി മരുന്ന് ലഭിച്ചിട്ടില്ല. അവശരും അനാരോഗ്യരുമുള്ളവരുമായ ഇത്തരം ആൾക്കാർക്ക് വേണ്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2016-17 വർഷം ഹോം കെയർ ടീമിന്റെ യാത്രാ ചെലവിനത്തിൽ 85,300 രൂപ ചെലവായിട്ടുണ്ട്.

## 3-16 വാർദ്ധക്യകാല പെൻഷൻ നൽകൽ - കാലതാമസം നേരിടുന്നു

പഞ്ചായത്തിൽ നിന്നും നൽകിവരുന്ന വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ അന്വേഷണം നടത്തുന്നത് വൈകുന്നതു കാരണം പെൻഷന് അർഹരായവർക്ക് യഥാസമയം പെൻഷൻ ലഭിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ നൽകിയ തീയതി | അന്വേഷണം നടത്തി തിരിച്ച് കിട്ടിയ തീയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | ഉമ്മർ കെ മടത്തിൽ വീട് | 29.12.2015 | 20.10.2016 | 29.11.2016 |
| 2 | അര്യ കെ കുനിത്തല ഇല്ലം | 30.12.2015 | “ | “ |
| 3 | റൈഹാനത്ത് കെ കണ്ണങ്കീൽ വീട് | 12.02.2016 | “ | “ |
| 4 | സുഹറ കെ കെ കല്ലടത്ത് കിടാരൻ വളപ്പിൽ | 12.02.2016 | “ | “ |

പെൻഷന് ലഭിക്കുന്ന അപേക്ഷകളിൽ എത്രയും പെട്ടെന്ന് അന്വേഷണം നടത്തി അർഹരായ വ്യക്തികൾക്ക് താമസംകൂടാതെ പെൻഷൻവിതരണം നടത്താൻ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 3-17 മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല

KPWDമാന്വലിലെ(ജിഒ(പി)13/2012/PWD/01.02.12) സെക്ഷൻ 2009.6 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതും, നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറുടമ്പടി വെക്കാവുന്നതാണ്. തുടർന്നും കരാർ വെയ്ക്കാതിരുന്നാൽ, കരാർ റദ്ദാക്കേണ്ടതും മാന്വലിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൻ വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത കാലാവധിക്കകം കരാർ ചമച്ചില്ലെങ്കിലും നിയമപരമായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് | കരാറു | പി .എ. | സെലക്ഷൻ | കരാറുകാരൻ |
|---|---|---|---|---|---|

| നമ്പർ | നമ്പർ /പ്രവൃത്തിയുടെ പേര് | കാരൻ | സി തുക | നോട്ടീസ് അയച്ച തീയതി | കരാർ ചമച്ച തീയതി |
|---|---|---|---|---|---|
| 1 | 28 /17 അധികാരിക്കടവ് കൂത്താട്ട് പട്ടികജാതി കോളനി നടപ്പാത നിർമ്മാണം | കെ.സുരേഷ് കുമാർ | 148201 | 02/02/17 | 22/02/17 |
| 2 | 4217 പറപ്പൂൽ പഴയ പോസ്റ്റോഫീസ് -കയ്യംതടം റോഡ് | ദിവാകരൻ.പി.വി | 149667 | 29/12/16 | 16/01/17 |

നിയമപരമായ പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-18 ലോക ബാങ്കിന്റെ പ്രത്യേക ധനസഹായം ലഭിച്ചത് സംബന്ധിച്ച്.

പട്ടുവം ഗ്രാമപഞ്ചായത്തിന് കെ.എൽ.ജി.എസ്.ഡി.പി യുടെ പ്രത്യേക ധനസഹായമായി ജി.ഒ.(ആർ.ടി). നം. 9307 / 2010/ധന / 30-11-16പ്രകാരം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചത്.

| ക്രമ.നം | ഇനം | അടങ്കൽ |
|---|---|---|
| 1 | Fish vegetable and rice market with solid waste management | 5372000 |
| 2 | Construction of model Anganvadi building with compound wall in Kayyam Ambalam | 3000000 |
| 3 | Construction of model Anganvadi building with compound wall in Koothattu | 3000000 |
| 4 | Renovation of Ayurvedic hospital with bed facilities | 5825000 |
| 5 | Instalation of solar energy in panchayath building | 2803000 |

മേൽ പ്രവൃത്തികളിൽ ഒന്നും തന്നെ പൂർത്തിയായിട്ടില്ല. ഇവ പൂർത്തിയാക്കുവാനുള്ള സത്വര

നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത | 2016-17 | 240000 | നെൽകൃഷി വികസന പദ്ധതി | 240000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 106305 | പാടശേഖരസമിതികൾക്ക് പവർ ടില്ലർ വിതരണം | 106305 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 275000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 275000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2016-17 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സമ്പൂർണ്ണ വൈദ്യുതി കരണ പദ്ധതി | | 253115 | 253115 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 200000 |
| ആകെ | 220000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 220000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് | 20,000 | 4432 dt 09-05-2015<br>ബി ക്ലാസ് ഷെയറുകൾ (രണ്ടെണ്ണം) |
| കേരള ഗ്രാമീൺ ബാങ്ക്<br>സർട്ടിഫിക്കറ്റ് നം | 200000 | 0105748/30-06-16 |
| ആകെ | 220000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17 ൽ ലഭിച്ച 4236 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും<br>ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2013-14,<br>2014-15 | 2-1 | 750 | സംഗീത,ദീപ | 1160250009 dt 31-08-2016 |
| 2 | 2015-16 | 2-1 | 2486 | രശ്മി കടവൻ പുത്തൻ വീട്ടിൽ | 11602100392& 393 dt<br>27-02-2017 |
| 3 | 2015-16 | 2-1 | 1000 | പ്രഭാത് കാലാസമിതി | 11602103662 dt 18-03-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 23511226 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23724789 |
| വരവിനങ്ങളിലുള്ള നഷ്ടം | 3288 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6190 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,34,524 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(2) | 34524 | ശ്രീമതി ലക്ഷ്മിക്കുട്ടി വി., |

| | | |
|---|---|---|
| | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-3 | 200000 | ശ്രീമതി രമ എംഎം ,അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2544 | | ശ്രീ ഭാർഗ്ഗവൻ പി സെക്രട്ടറി |
| 2-2 | 744 | | ശ്രീ ഭാർഗ്ഗവൻ പി സെക്രട്ടറി |
| 3-1(1) | | 6190 | ശ്രീമതി ലക്ഷ്മിക്കുട്ടി പി, ഐസിഡിഎസ് സൂപ്പർവൈസർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2006-07 | കെഎസ്എ.കെഎൻആർ.സി6/817/2015 തീയ്യതി 02-07-2015 | 5 |
| 2007-08 | കെഎസ്എ.കെഎൻആർ.സി6/817/2015 തീയ്യതി 02-07-2015 | 1 |
| 2008-09 | കെഎസ്എ.കെഎൻആർ.സി6/817/2015 തീയ്യതി 02-07-2015 | 5 |

| | | |
|---|---|---|
| 2009-10 | കെഎസ്എ.കെഎൻആർ.സി6/817/2015 തീയ്യതി 02-07-2015 | 1 |
| 2010-11 | കെഎസ്എ.കെഎൻആർ.സി6/817/2015 തീയ്യതി 02-07-2015 | 4 |
| 2011-12<br>2012-13 | കെഎസ്എ.കെഎൻആർ.സി6/478/2015 തീയ്യതി 03-09-2015 | 14 |
| 2013-14<br>2014-15 | കെഎസ്എ.കെഎൻആർ.സി6/1127/2016 തീയ്യതി 13-07-2016 | 18 |
| 2015-16 | കെഎസ്എ.കെഎൻആർ.സി6/817/2015 തീയ്യതി 02-07-2015 | 26 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Appendix - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ. കെ എൻ ആർ/സി.3/1104/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ: 0497 2707698

ഇ-മെയിൽ:doknr.ksad@kerala.gov.in

തിയ്യതി: 04.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമ

പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടുവം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C.3/1104/2017

Kerala State Audit Department,

District Audit Office, Kannur,

Phone 0497 2707698

E-Mail: doknr.ksad@kerala.gov.in

Date: 04.10.2017

Certified that I have audited the Annual Financial Statement of PATTUVAM Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of

India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of PATTUVAM Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

# Appendix - 2

# Pattuvam Grama Panchayath Income & Expenditure statement Pattuvam Grama Panchayath Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | 1-1 | 2367117.00 |
| 130000000 | Rental Income from panchayath properties | 1-3 | 120000.00 |
| 140000000 | Fee &User charges | 1-4(b) | 213920.00 |

| | | | |
|---|---|---|---|
| 150000000 | Sale &Hire Charges | 1-5(b) | 84910.00 |
| 160000000 | Revenue Grants,Funds,Contributions& Compensations | 1-6 | 41586094.00 |
| 170000000 | Interest Earned | 1-8 | 122871.00 |
| 180000000 | Other Income | 1-9 | 4236.00 |
| A | Total Income | | 44499148.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | 1-10(b) | 7299081.00 |
| 220000000 | Administrative Expenses | 1-11(b) | 790348.00 |
| 230000000 | Operations &Maintanance | 1-12(b) | 401502.00 |
| 240000000 | Interest &Finance Charges | 1-13 | 5015.00 |
| 250000000 | Decentralised Plan programme – Productive Sector | 1-14 | 4609200.00 |
| 2510000000 | Decentralised Plan programme – Service Sector | 1-14(a) | 7466413.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | 1-14(b) | 126883.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | 1-14(c) | 240145.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | 1-14(d) | 22613622.00 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | 1-14(e) | 1500632.00 |
| 270000000 | Provisions and write off | 1-16 | 5416 |
| 272000000 | Depreciation | 1-17(a) | 1384061.00 |
| B | Total - Expenditure | | 46442318.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (1943170.00) |
| 280000000 | Prior period Item | 1-18 | (800) |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (1942370.00) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# Appendix - 3

## Pattuvam Grama Panchayath Receipt And Payment Statement

For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 7541934.47 |
| | Cash | RP-40(a) | 41018.00 |
| | Receipts | | |
| Operating | | | |

| | | | |
|---|---|---|---|
| 110000000 | Tax evenue | RP- 1 | 589060.00 |
| 130000000 | Rental Income from Panchayath Properties | RP-3 | 78000.00 |
| 140000000 | Fees &User Charges | RP- 4 | 172970.00 |
| 150000000 | Sale &Hire Charges | RP- 5 | 84910.00 |
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 5743372.00 |
| 171000000 | Interest Earned | RP- 9 | 122871.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 13614675.00 |
| 350000000 | Other Liabilities | RP-36 | 21775.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 4236.00 |
| 311000000 | Earmarked Funds | RP-29 | 27190.00 |
| 340000000 | Deposits Received | RP- 34 | 99334.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP- 36 | 87875.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 1833480.00 |
| 460000000 | Loans,Advances and Deposits | RP- 47 | 1031478.00 |
| Grand Total | | | 7,59,37,880.52 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2335048.00 |
| 220000000 | Administrative Expenses | RP-12 | 790348.00 |
| 230000000 | Operatations &Maintanance | RP-13 | 401502.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 1884020.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 5741055.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 126883.00 |

| | | | |
|---|---|---|---|
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 240145.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 710512.00 |
| 255000000 | Maintanance Projects | RP-20 | 1500632.00 |
| 280000000 | Prior period Item | RP-26 | 1700 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 2313.00 |
| 350000000 | Other Liabilities | RP-36 | 4187479.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 5015.00 |
| 311000000 | Earmarked Funds | RP-29 | 1000 |
| 340000000 | Deposits Received | RP-34 | 9500.00 |
| 350000000 | Other Liabilities | RP-36 | 1540471.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 2062056.00 |
| 412000000 | Capital Work In Progress | RP-40 | 689026.00 |
| 420000000 | Investments | RP-41 | 200000.00 |
| 460000000 | Loans,Advances and Deposits | RP-47 | 1298584.00 |
| | Closing Balance | | |
| | Bank | RP-40(b) | 7357547.47 |
| | Cash | RP-40(b) | 11842.00 |
| Grand Total | | | 31094178.00 |

# Appendix - 4

# PATTUVAM GRAMA PANCHAYATH Balance Sheet

As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 996966.47 |
| 311000000 | Earmarked Funds | B-2 | 56732.00 |
| 312000000 | Reserves | B-3 | 31332565.00 |
| | Total Reserve &surplus | | 32386263.47 |

| | | | |
|---|---|---|---|
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 2164376.00 |
| | Total Grants,Funds &Contributions for Specific Purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 399734.00 |
| 350000000 | Other Liabilities | B-9 | 589552.00 |
| | Total Current Liabilities and Provisions | | 989286.00 |
| | TOTAL LIABILIITIES | | 35539925.47 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 32585321.00 |
| 411000000 | Accumulated Depreciation | B-11 | (4926652.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 27658669.00 |
| | INVESTMENTS | | |
| 420000000 | Investments | B-12 | 220000.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 43561.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 7369389.00 |
| 460000000 | Loans,Advances and Deposits | B-18 | 248306.00 |
| | Total Current Assets,Loans and Advances | | 7661256.47 |
| | Total Assets | | 35539925.47 |